LIBRARY ARCHIVES Kerala Legislative Assembly

## പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വീട്

288 (675) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗങ്ങളിൽ വീടില്ലാത്തവർക്കെല്ലാം വീട് നിർമ്മിച്ച് നൽകുന്ന പ്രഖ്യാപനം ഈ സർക്കാരിന്റെ കാലയളവിൽ സാദ്ധ്യമാക്കാൻ സാധിച്ചിട്ടില്ലാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഈ സർക്കാറിന്റെ കാലയളവിൽ വീട് ഇല്ലാത്ത എത്ര ആദിവാസി വിഭാഗങ്ങളുണ്ട് എന്ന് കണക്കായിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഭവനരഹിതരായ എല്ലാ പട്ടികവർഗ്ഗക്കാർക്കും ഭവന നിർമ്മാണം നടത്തുന്നതിനായി മിഷൻ 676-ൽ ഉൾപ്പെടുത്തി 2014-15 സാമ്പത്തിക വർഷത്തിൽ സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി പ്രഖ്യാപിച്ചിരുന്നു. ടി കാലയളവിൽ ശേഖരിച്ച കണക്ക് പ്രകാരം ഭവനരഹിതരായ 30308 പട്ടികവർഗ്ഗ കുടുംബങ്ങളാണുണ്ടായിരുന്നത്. 2014-15 മുതൽ നാളിതുവരെ 24,335 പേർക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിച്ച് ഭവന നിർമ്മാണം നടത്തിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ ജീവനക്കാരുടെ കുറവും, നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും വിദഗ്ധരായ കൈത്തൊഴിലുകാരുടെ അഭാവവും മൂലം പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാതെ വന്നിട്ടുണ്ട്.

(ബി) 2014-15 സാമ്പത്തികവർഷം വീടില്ലാത്തവരായി കണക്കാക്കിയിരുന്ന 30308 കുടുംബങ്ങളിൽ 24335 പേർക്ക് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഭവനങ്ങൾ അനുവദിച്ചു നൽകിയിട്ടുണ്ട്. ശേഷിക്കുന്ന 5973 പേർക്കും പുതുതായി അപേക്ഷിക്കുന്ന കുടുംബങ്ങൾക്കും വീട് നിർമ്മിച്ച് നൽകുവാനുണ്ട്.

## പട്ടികവർഗ്ഗ കോളനികളിലേക്കുള്ള റോഡ്

289 (676) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ കോളനികളിലേക്കുള്ള റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിന് നബാർഡ് മുഖേന പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഇതിൽ എത്ര റോഡുകൾക്ക് എത്ര രൂപ വീതം അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ;

(സി) പ്രസ്തുത റോഡുകൾ തെരെഞ്ഞെടുത്തത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.

(സി) പട്ടികവർഗ്ഗ കോളനികളിലേക്കുള്ള നിലവിലെ റോഡുകളുടെ ശോചനീയാവസ്ഥയും കോളനി നിവാസികളുടെ ആവശ്യവും പരിഗണിച്ചാണ് റോഡുകൾ നിർമ്മാണത്തിന് തെരഞ്ഞെടുത്തിട്ടുള്ളത്.

**പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഭവന പദ്ധതി**

290 (677) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഭവന പദ്ധതി പ്രകാരം എത്ര പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും അവയിൽ എത്ര ഇക വിതരണം ചെയ്തിട്ടുണ്ടെന്നും റവന്യൂ വില്ലേജ് അടിസ്ഥാനത്തിൽ വിശദമാക്കാമോ ?

ഉത്തരം

പട്ടികവർഗ്ഗ വിഭാഗക്കാർക്കായുള്ള ഭവന പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1751 പേർക്ക് വകുപ്പിന്റെ വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെ വീട് അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിനായി ആകെ 27,07,70,989 രൂപ (ഇരുപത്തിയേഴ് കോടി ഏഴ് ലക്ഷത്തി എഴുപതിനായിരത്തി തൊള്ളായിരത്തി എൺപത്തിയൊൻപത് രൂപ) ചെലവഴിച്ചു. വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

**പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ്**

291 (678) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly